മിസ്റ്റർ സി. ജെ. മാത്യു: രണ്ടു വലിയ ആശുപത്രിസൂപ്രണ്ടുമാരോട് ഗവർമ്മെൻറ അഭിപ്രായം ചോദിച്ചു. അവരെല്ലാവരും ഇവർക്ക് വിവാഹം പാടില്ലെന്നാണ് പറഞ്ഞിരിക്കുന്നത്.

മിസ്റ്റർ പി. ജെ. ചിറയത്ത്: വേറെ വല്ല രാജ്യത്തും നെഴ്സുമാർക്ക് വിവാഹം അനുവദിച്ചിട്ടുണ്ടോ?

മിസ്റ്റർ സി. ജെ. മാത്യു: അടുത്ത രാജ്യങ്ങളിലില്ല.

മിസ്റ്റർ പി. ആർ. കുഞ്ഞനെഴുത്തശ്ശൻ: ഏതു വിദഗ്ധന്മാരോട് അഭിപ്രായം ചോദിച്ചിട്ടുണ്ട്?

മിസ്റ്റർ സി. ജെ. മാത്യു: രണ്ടു മൂന്നു പേരോട് ചോദിച്ചിട്ടുണ്ട്.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: ഞാതൊക്കെയാണാ?

Mr. C. J. Mathew *(Joint Secretary to Government)*: Sir, may I read out the information obtained from the Chief Medical Officer from Medical Authorities that the policy of having married nurses.....

Mr. V. R. Krishnan Ezhuthassan *(Urakam)*: I want only the name of experts.

Mr. President: Order, order. I suggest that it is wiser not to ask for names.

Mr. P. Kumaran Ezhuthassan *(Vadakkancheri)*: On whose opinion it is held or who are the experts who have opined that it is the better course. We want to know the names.

Mr. President: I do not change my view. If the Hon'ble Members insist they may have the names. But I would advise them against insistence.

മിസ്റ്റർ ജി. എസ്സ്. ധാരാസിംഗ്: നഴ്സുമാർക്ക് മറ്റുള്ള സ്ത്രീകളെപ്പോലെ ഗൃഹസ്ഥാശ്രമത്തിൽ പ്രവേശിച്ച് ജീവിതസുഖങ്ങൾ അനുഭവിക്കുവാനുള്ള മനുഷ്യത്വം ഇവിടുത്തെ ഗവർമ്മെൻറിനുണ്ടോ എന്നാണോ അഭിപ്രായം? (ചിരി).

മിസ്റ്റർ സി. ജെ. മാത്യു: അങ്ങിനെയുള്ള അഭിപ്രായമുള്ള സ്ത്രീകളെ ഈ ജോലിക്കു വരണമെന്നില്ല.

മിസ്റ്റർ പി. ടി. ജേക്കബ്: അവർക്ക് ജോലിചെയ്യുന്നതിനു പ്രത്യേക വ്യവസ്ഥകളില്ലേ?

മിസ്റ്റർ സി. ജെ. മാത്യു: ഉണ്ട്. അവർക്ക് നൈറ്റ് ഡ്യൂട്ടിയുണ്ട്.

മിസ്റ്റർ പി. ടി ജേക്കബ്: വിവാഹം കഴിച്ചിട്ടുള്ള സ്ത്രീഡാക്ടർമാർക്ക നൈറ്റ് ഡ്യൂട്ടിയുണ്ടോ?

മിസ്റ്റർ സി. ജെ. മാത്യു: ഉണ്ട്.

മിസ്റ്റർ പി. ടി. ജേക്കബ്: സ്ത്രീ ഡാക്ടർമാരും പുരുഷന്മാരും തമ്മിൽ എന്താണ് വ്യത്യാസം?

മിസ്റ്റർ സി. ജെ. മാത്യു: ഡാക്ടർമാരുടെ വർക്കും പുരുഷന്മാരുടെ വർക്കും തമ്മിൽ വളരെ വ്യത്യാസമുണ്ട്.

LABOUR UNIONS IN THE STATE

൭൫. മിസ്റ്റർ കെ. എസ്സ്. പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ഗവർമ്മെണ്ട് സദയം മറുപടിപറയുമോ.—

(എ) കൊച്ചിരാജ്യത്തു ആകെ എത്ര തൊഴിൽ സംഘടനകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; അവകൾ ഏതെല്ലാം,

(ബി) അവകൾ ഏതൊക്കെ താലൂക്കിലാണ്,

(സി) ഈ മാസം തൊഴിലാളി സംഘടനകൾ രജിസ്റ്റർ ചെയ്തു എന്നാണ്?

മിസ്റ്റർ സി. ജെ. മാത്യു:

(എ), (ബി) & (സി) എല്ലാ വിവരങ്ങളും അടങ്ങിയ ഒരു പട്ടിക ഞാനിതോടൊപ്പം ചേർത്തിരിക്കുന്നു. *(Please see Appendix)*

X-RAY APPARATUS

73. Miss Anie Joseph *(Trichur-Women)*: Will Government be pleased to state.—

(*a*) why was the X-ray apparatus that was in the Civil Hospital removed from there;

(*b*) where was it removed and what happend to it?

LIBRARY ARCHIVES Kerala Legislative Assembly

APPENDIX

(Please see answer to question No. 72)

നമ്പ്	പേരു	താലൂക്കു്	രജിസ്റ്റർ ചെയ്ത തിയ്യതി
	നിലവിലുള്ള സംഘടനകൾ		
൧	ദി ടാറാ ഓയിൽ മിൽ വക്കേഴ്സ് യൂനിയൻ, എറണാകുളം	കൊച്ചികണയന്തൂർ	൧൯൪൫
൨	ദി മിനറൽ ഓയിൽ ഫേക്ടറി വക്കേഴ്സ് യൂനിയൻ, എറണാകുളം	ടി	൧൦-൧൦-൧൯൪൫
൩	ദി കൊച്ചിൻ ഹാർബർ ഏൻറ് പോട്ട് വക്കേഴ്സ് യൂണിയൻ എറണാകുളം	ടി	൨൩-൪-൧൯൪൬
൪	ദി എറണാകുളം പീടിക തൊഴിലാളി യൂനിയൻ, എറണാകുളം	ടി	൧൭-൩-൧൯൪൬
൫	മധുരകമ്പനി ഫഡറേയിറ്റഡ് വക്കേഴ്സ് യൂനിയൻ, കൊച്ചിൻ	ടി	൫-൯-൧൯൪൬
൬	ദി വെസ്റ്റ് കോസ്റ്റ് ഇലക്ട്രോ പ്ലേറ്റിങ്ങ് കമ്പനി വക്കേഴ്സ് യൂണിയൻ, എറണാകുളം	ടി	൨൧-൩-൧൯൪൬
൭	ഞാറക്കൽ, നായരമ്പലം ബീഡി തൊഴിലാളി യൂനിയൻ, ഞാറക്കൽ	ടി	൧൪-൩-൧൯൪൬
	റജിസ്ട്രേഷൻ റദ്ദാക്കിയ സംഘനകൾ		
൧	ദി സ്റ്റെൻസിലിങ്ങ് ഫേക്ടറി വക്കേഴ്സ് യൂനിയൻ, അഴിക്കോട്	കൊട്ടങ്ങല്ലൂർ	൧൩-൩-൧൯൪൬
൨	ദി മലബാർ ഹോട്ടൽ എമ്പ്ലോയീഡ് യൂനിയൻ, മട്ടാഞ്ചേരി	കൊച്ചികണയന്തൂർ	൨൧-൩-൧൯൪൬
൩	ദി മോട്ടോർ തൊഴിലാളി യൂനിയൻ, എറണാകുളം	ടി	൨൧-൩-൧൯൪൬
൪	ദി കൊച്ചിൻ ടെക്സ്റ്റൈൽസ് ലേബർ അസ്സോസിയേഷൻ, ആമ്പല്ലൂർ	മുകുന്ദപുരം	൩൧-൩-൧൯൪൬
൫	ബീഡിതൊഴിലാളി യൂണിയൻ, എറണാകുളം	കൊച്ചികണയന്തൂർ	൨൫-൩-൧൯൪൬
൬	ദി മോട്ടോർ വക്കേഴ്സ് യൂനിയൻ, തൃശ്ശിവപേരൂർ	തൃശ്ശിവപേരൂർ	൨൧-൩-൧൯൪൬
൭	ദി കൊച്ചിൻ സ്റ്റീം ഏൻറ് മോട്ടോർ ബോട്ട വക്കേഴ്സ് യൂനിയൻ, കോട്ടപ്പുറം	കൊട്ടങ്ങല്ലൂർ	൭-൦-൧൯൪൫
൮	ദി പള്ളുരുത്തി ലേബർ യൂനിയൻ	കൊച്ചികണയന്തൂർ	൨൩-൪-൧൯൪൬
൯	ദി ടാറാ സോയേർഡ്സ് യൂനിയൻ വടുതല	ടി	൧൮-൫-൧൯൪൬

LIBRARY ARCHIVES Kerala Legislative Assembly